276/NSS/DHSE/2009 Date : 09-12-2009

# സർക്കുലർ

ഹയർസെക്കണ്ടറി നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ ഡിസംബർ 20 മുതൽ 26 വരെ കേരളത്തിലങ്ങോളമിങ്ങോളം 400 സപ്തദിന സ്പെഷ്യൽ ക്യാമ്പുകൾ നടത്തുകയാണ്. കേന്ദ്ര സർക്കാർ നൽകുന്ന മാർഗ്ഗരേഖ യുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത ധാരാളം പദ്ധതികൾ വിദ്യാർത്ഥികൾ എറ്റെടുത്ത് നടത്തുന്നു. സർക്കാർ ചെലവിൽ നടത്തുന്ന വിദ്യാഭ്യാസ പദ്ധതി എന്ന നിലയിൽ ക്യാമ്പിന്റെ പൂർണ്ണ വിജയത്തിനുവേണ്ട എല്ലാ സഹായസഹകരണങ്ങളും നൽകുവാൻ പ്രിൻസി പ്പൽമാരും ഈ മേഖലയിലെ മുഴുവൻ ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്. ക്യാമ്പിൽ എറ്റെടുത്തുനടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ ബന്ധപ്പെട്ടവർക്ക് പ്രോഗ്രാം ഓഫീസർമാർ വിശദീകരിച്ചു നൽകണം. പദ്ധതി നടത്തിപ്പുമായി ബന്ധ പ്പെട്ട നിർദ്ദേശങ്ങൾ ഡൗൺലോഡ് ചെയ്ത് പ്രിൻസിപ്പലിന്റെ ഒപ്പ് രേഖപ്പെടുത്തി നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തണം. പി.റ്റി.എ. ഉൾപ്പെടെയുള്ളവരുമായി ക്യാമ്പിന്റെ പൂർണ്ണ വിജയത്തിനുവേണ്ട വിഭവ സമാഹരണം നടത്തുകയും വേണം. ക്യാമ്പിൽ പങ്കെടുക്കേണ്ട വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെയും പി.റ്റി.എ. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും സംയുക്ത യോഗവും വിളിച്ചു ചേർക്കാവുന്നതാണ്. എൻ.എസ്.എസ്. ക്യാമ്പുമായി ബന്ധപ്പെട്ട് പ്രത്യേക സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർത്ത് ഓരോരുത്തർക്കുമുള്ള ഡ്യൂട്ടി വീതിച്ചു നൽകണം. ക്യാമ്പിൽ അധ്യാപികമാരുടെ സാന്നിദ്ധ്യം ഉറപ്പാക്കണം. ക്യാമ്പിനായി നീക്കിവെ ച്ചിട്ടുള്ള ദിവസങ്ങളിൽ ക്യാമ്പ് അംഗങ്ങൾ കൂടി പങ്കെടുക്കേണ്ട സ്പെഷ്യൽ ക്ലാസ്സുകൾ നടത്തി കുട്ടികൾക്ക് മാനസിക സംഘർഷം ഉണ്ടാക്കാൻ പാടില്ല. മേൽപ്പറഞ്ഞ വിഷയങ്ങളിൽ വീഴ്ച പറ്റിയാൽ ആ വിവരം ഉടൻ തന്നെ ഡയറക്ട റുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

**ഒപ്പ്**

തിരുവനന്തപുരം **ഡയറക്ടർ**